**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **22-02-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ഉല്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോ ഉല്പന്നങ്ങൾ ഓൺ ലൈനായും ഹോം ഡെലിവറിയായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കേരളത്തിലുടനീളമുള്ള ഏകദേശം 500 ൽ അധികം വരുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കി.മീ. ചുറ്റളവിൽ ഹോം ഡെലിവറിയും നടത്തുന്നതിനായി 'Supply Kerala' ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് "സപ്ലൈ കേരള ആപ്പ്" Google Play Store-ലും Supplyco Website-ലും ലിങ്ക് ലഭ്യമാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട് ലെറ്റ് തിരഞ്ഞെടുത്ത് സപ്ലൈക്കോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ച വേഗത്തിൽ എത്തിക്കുന്നതാണ്. 4 കി.മി ദൂരത്തിൽ 5 കിലോ തൂക്കം വരുന്ന ഒരു ഓർഡർ വിതരണം ചെയ്യുന്നതിനുള്ള ചുരുങ്ങിയ നിരക്ക് 35 രൂപ + Goods and Services Tax (ജി.എസ്.റ്റി) ആണ്. ഒരോ അധിക ദൂരത്തിനും ഭാരത്തിനും അനുസരിച്ച് വിതരണ നിരക്ക് വർദ്ധിക്കുന്നതാണ്. പ്രസ്തുത ആപ്ലിക്കേഷൻ വഴി ഓൺലൈൻ വില്പനയും വിതരണവും സപ്ലൈകോയുടെ തൃശ്ശൂർ കോർപറേഷൻ പരിധിയിലെ മൂന്ന് സൂപ്പർമാർക്കറ്റുകളിൽ ആദ്യ ഘട്ടമായി, 2021ഡിസംബർ 11 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം 2022 ജനുവരി 7 , 11 , 13, ഫെബ്രുവരി 11 തീയ്യതികളിലായി കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കൊച്ചി എന്നീ കോർപറേഷനുകളിലും ആരംഭിച്ചു. മൂന്നാം ഘട്ടം എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ ഫെബ്രുവരി 11 ഓടുകൂടി ആരംഭിച്ചു. സപ്ലൈകോ "സപ്ലൈ കേരള" ആപ്പ് മുഖേന ഇതുവരെ 48 ഓർഡറുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ |

| | | | |
|---|---|---|---|
| | | | മുഴുവനായും, ഈ സാമ്പത്തിക വർഷാവസാനത്തോടെ ഓൺലൈൻ വില്പനയും ഹോം ഡെലിവറി പദ്ധതിയും നടപ്പാക്കുന്നതാണ്. മറ്റു സർക്കാർ ഏജൻസികളുടെ (മത്സ്യഫെഡ്, ഹോർട്ടികോർപ്, ഫോറസ്റ്റ് തുടങ്ങിയ) വില്പന വസ്തുക്കൾ കൂടി “സപ്ലൈ കേരള” ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മാവേലി വിൽപ്പനശാലകളുടെ ലൊക്കേഷൻ അറിയുന്നതിന് 'Trace Supplyco', മാവേലി വിൽപ്പനശാലയിൽ നിന്നും ലഭിക്കുന്ന സേവനം ഉപഭോക്താക്കൾക്ക് വിലയിരുത്തുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ